# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 13** **30-11-2015-ൽ മറുപടിയ്ക്ക്**

## അന്യസംസ്ഥാന ലോട്ടറികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) അന്യസംസ്ഥാന ലോട്ടറികൾ നിരോധിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; | (എ) അന്യസംസ്ഥാന ലോട്ടറികൾ നിരോധിക്കാൻ സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 15.12.2011 ലെ GSR 883(E) നമ്പർ കേന്ദ്ര നോട്ടിഫിക്കേഷൻ മുഖാന്തിരം സിക്കിം ലോട്ടറിയുടെ വില്പന കേരളത്തിൽ രണ്ട് വർഷത്തേക്ക് നിരോധിച്ചിട്ടുണ്ട്. 14.12.2013-ന് അവസാനിച്ച താൽക്കാലിക നിരോധനം ഇപ്പോഴും അനിശ്ചിതമായി തുടരുന്നുണ്ട്. ഭൂട്ടാൻ ലോട്ടറിയെ സംബന്ധിച്ച കേസുകൾ സി.ബി.ഐ.ക്ക് നൽകിയിരിക്കുന്നതിനാൽ അവയുടെ വില്പനയും താൽകാലികമായി തടഞ്ഞിട്ടുണ്ട്. 07.01.2012ലെ GO(Rt.)No.26/12/TD ഉത്തരവ് പ്രകാരം സംസ്ഥാന തലത്തിൽ അഡീഷണൽ ഡയറക്ടർ ഓഫ് പോലീസ് (ഇന്റലിജൻസ്) അദ്ധ്യക്ഷനായും, ജില്ലാ തലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായും മോണിറ്ററിംഗ് സെല്ലുകൾക്ക് രൂപം നൽകിയിട്ടുണ്ട്. അന്യ സംസ്ഥാന ലോട്ടറിയെ സംബന്ധിച്ച പരാതികൾ പോലീസ് അന്വേഷണത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് സെല്ലിന് കൈമാറുകയും തുടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്. |

**(ബി)** ഇതുമൂലം സംസ്ഥാനത്തിന് ലോട്ടറിയിൽനിന്നുള്ള വരുമാനത്തിൽ എത്രമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട്;

**(ബി)** അന്യസംസ്ഥാന ലോട്ടറികൾ നിരോധിച്ചത് 2011 ഡിസംബർ മുതലാണ്. അന്യസംസ്ഥാന ലോട്ടറികളുടെ നിരോധനം സംസ്ഥാന ലോട്ടറിയിൽ നിന്നുള്ള വരുമാന വർദ്ധനവിന് കാരണമായിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം മുതൽ സംസ്ഥാന ലോട്ടറി വില്പനയിലൂടെയുള്ള വരവ് ചുവടെ ചേർക്കുന്നു.

| വർഷം | ലോട്ടറി വിൽപ്പനയിൽ നിന്നുള്ള വരവ് (രൂപ കോടിയിൽ) | മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഓരോ സാമ്പത്തിക വർഷവും വരുമാനത്തിൽ വന്ന വർദ്ധനവിന്റെ ശതമാനം |
|---|---|---|
| 2011 - 12 | 1287.22 | 130.81 |
| 2012 - 13 | 2778.80 | 115.87 |
| 2013 - 14 | 3793.84 | 36.52 |
| 2014 - 15 | 5445.84 | 43.54 |

**(സി)** അന്യ സംസ്ഥാന ലോട്ടറി തട്ടിപ്പ് തടയാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

**(സി)** നിലവിലുള്ള നിയമപ്രകാരം ലോട്ടറി തട്ടിപ്പിനെതിരെ സ്വന്തം നിലയിൽ നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന് അധികാരമില്ലാത്തതിനാൽ അന്യസംസ്ഥാന ലോട്ടറി തട്ടിപ്പിനെ സംബന്ധിച്ച പരാതികളോ പത്രവാർത്തയോ ലഭിച്ചാൽ ഉടൻതന്നെ ആയത് പോലീസ് അന്വേഷണത്തിനായി സംസ്ഥാനതല മോണിറ്ററിംഗ് സെൽ മേധാവിക്ക് കൈമാറി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ.**